**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **14-01-2021 - ൽ മറുപടിയ്ക്ക്**

**കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | 2016-17 ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കളമശ്ശേരി നിയോജകമണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം കളമശ്ശേരി നിയോജക മണ്ഡലത്തിലെ കുന്നുകര കോളനിയിൽ ഭവന നവീകരണം, കുടിവെള്ള പദ്ധതി, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 5 വീടുകളുടെ നവീകരണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) | റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ബാധകമല്ല |
| (ഡി) | നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ